# ഉള്ളടക്കം


| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | നിഷ്കളങ്കത, നിരീക്ഷണം | 5 |
| 2 | തൗഹീദ്-ശ്രേഷ്ഠത,ശിർക്ക്-ജാഗ്രത | 6 |
| 3 | ലോകമാന്യം ശിർക്ക് ആകുന്നു | 8 |
| 4 | പ്രാർത്ഥന | 9 |
| 5 | വിജ്ഞാനം | 11 |
| 6 | നന്മകൽപിക്കുക തിന്മവിരോധിക്കുക | 12 |
| 7 | നന്മകൽപിക്കുക, തിന്മവിരോധിക്കുക- മര്യാദകൾ | 14 |
| 8 | മാതാപിതാക്കൾ | 14 |
| 9 | സൽസ്വഭാവം | 16 |
| 10 | വിനയവും സൗമ്യതയും | 17 |
| 11 | കാരുണ്യം | 18 |
| 12 | അക്രമം | 19 |
| 13 | മുസ്ലിമിൻെറരക്തം, ആദരിക്കൽ | 20 |
| 14 | മുസ്ലിമിൻെറ കടമ | 20 |
| 15 | അയൽവാസി | 21 |
| 16 | നാവിൻെറ വിപത്തുകൾ | 22 |
| 17 | പരദൂഷണം | 23 |
| 18 | സത്യവും അസത്യവും | 25 |
| 19 | പശ്ചാത്താപം | 26 |
| 20 | സലാം പറയൽ | 28 |
| 21 | ഭക്ഷണ മര്യാദകൾ | 29 |
| 22 | മലമൂത്ര വിസർജനം-മര്യാദകൾ | 30 |
| 23 | തുമ്മൽ, കോട്ടുവാ | 31 |
| 24 | നായ വളർത്തൽ | 32 |
| 25 | ദൈവസ്മരണ | 32 |
| 26 | സുഹൃത്ത് | 33 |
| 27 | ക്ഷമ | 35 |

പരമകാരുണികനും കരുണാനിധിയുമായ
അല്ലാഹുവിൻെറനാമത്തിൽ.

സ്തുതിയെല്ലാം ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. മുഴുവൻ പ്രവാചകകരുടെയും നമ്മുടെയുംനേതാവായ മുഹമ്മദ് നബി (സ)യെയും അവിടുത്തെ തിരുകുടുംബത്തെയും, അനുയായി വൃന്ദത്തെയും അല്ലാഹു അനുഗ്രഹിക്കട്ടെ.

## 1-നിഷ്കളങ്കത,നിരീക്ഷണം

അല്ലാഹുപറയുന്നു: കീഴ്വണക്കം അല്ലാഹുവിന്ന്മാത്രം ആക്കികൊണ്ട് അവനെ ആരാധിക്കാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. (ബയ്യിന:-5).

പറയുക, അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്, എൻെറകീഴ്വണക്കം അവന്ന് നിഷ്കളങ്കമാക്കികൊണ്ട്. (സുമർ-14)

നബിയേ, പറയുക, നിങ്ങളുടെഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ചുവച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അത് അറിയുന്നതാണ്. (ആലുഇംറാൻ-29)

ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരുകാര്യവും അല്ലാഹുവിന്ന് അവ്യക്തമായി പോകുന്നതല്ല. (ആലുഇംറാൻ-5)

ഉമറുബ്നുൽഖത്താബ്(റ) പറയുന്നു, നബി(സ) പറയുന്നതായി ഞാൻകേട്ടിരിക്കുന്നു: നിശ്ചയം പ്രവർത്തനങ്ങൾ അവയുടെ നിയ്യത്ത് അനുസരിച്ചു മാത്രമാകുന്നു. ഓരോരുത്തർക്കും ലഭിക്കുന്നത് അവൻ ഉദ്ദേശിച്ചത് മാത്രമാകുന്നു.

അബൂഹുറയ്റ (റ)യിൽ നിന്നുനിവേദനം, നബി (സ)പറഞ്ഞു: അന്ത്യനാളിൽ, ജനങ്ങളിൽ എൻെറ ശുപാർശലഭിക്കുന്ന ഏറ്റവുംവലിയഭാഗ്യവാൻ, ഹൃദയംഗമമായി "ലാഇലാഹഇല്ലല്ലാഹ്" പറഞ്ഞവനായിരിക്കും.

അബൂഹുറയ്റ(റ)യിൽ നിന്നുനിവേദനം, നബി(സ)പറഞ്ഞു: തീർച്ചയായും അല്ലാഹു നിങ്ങളുടെശരീരങ്ങളിലേക്കോ, രൂപങ്ങളി

# 7-നന്മ കൽപിക്കുക തിന്മ വിരോധിക്കുക മര്യാദകൾ

അല്ലാഹു പറയുന്നു: യുക്തിദീക്ഷയോടുകൂടിയും സദുപദേശംമുഖേനയും നിൻെറരക്ഷിതാവിൻെറ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവുംനല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. (അന്നഹ്ൽ-125)

(നബിയേ),അല്ലാഹുവിങ്കൽനിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ നിൻെറചുറ്റിൽ നിന്നും അവർ പിരിഞ്ഞുപോയിക്കളയുമായിരുന്നു. (ആലുഇംറാൻ-159)

ആയിശഃ (റ)യിൽനിന്നുനിവേദനം, നബി(സ) പറഞ്ഞു: അല്ലാഹു സൗമ്യനാകുന്നു. എല്ലാകാര്യത്തിലും സൗമ്യത ~~വൻ ഇഷ്ടപ്പെടുന്നു.

ആയിശഃ (റ)യിൽനിന്നുനിവേദനം, നബി(സ) പറഞ്ഞു: വിനയം ഏതൊരുവസ്തുവിനെയും ഭംഗിയുള്ളതാക്കും. വിനയമില്ലാത്ത ഏതൊരുകാര്യവും അഭംഗിയുള്ളതായിത്തീരും. (മുസ്ലിം)

ജരീറുബ്നു അബ്ദില്ല (റ)യിൽനിന്നുനിവേദനം, നബി(സ) പറയുന്നതായി ഞാൻകേട്ടിട്ടുണ്ട്: വിനയം നിഷിദ്ധമാക്കപ്പെട്ട (ഇല്ലാത്ത) വന്ന് എല്ലാനന്മയും തടയപ്പെടും (മുസ്ലിം).

## സംഗ്രഹം:

1-നന്മകൽപിക്കുക, തിന്മവിരോധിക്കുക, പ്രബോധന പ്രവർത്തനങ്ങൾ നടത്തുക, എന്നീകാര്യങ്ങളിൽ യുക്തിപരവും വിനയപൂർണ്ണവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള പ്രേരണ.

# 8 - മാതാപിതാക്കൾ

അല്ലാഹു പറയുന്നു: മനുഷ്യനോട് അവൻെറ മാതാപിതാക്കളുടെകാര്യത്തിൽ നന്മചെയ്യുവാൻ നാം അനുശാസിച്ചിരിക്കുന്നു. (അൻകബൂത്-8)

4-കോട്ടുവായിടുമ്പോൾ കൈകൊണ്ട് വാ പൊത്തണം.
5-തുമ്മുമ്പോൾ കൈ, വസ്ത്രം, ടവൽ എന്നിവകൊണ്ട് മുഖം പൊത്തിപ്പിടിക്കണം.
6-കോട്ടുവായിടുമ്പോൾ, തുമ്മുമ്പോൾ ശബ്ദം ഉയർത്തരുത്.

## 24-നായ വളർത്തൽ

അബൂഹുറയ്റ (റ)യിൽനിന്നു നിവേദനം, റസൂൽ(സ) പറഞ്ഞു: കാലികളെ മേയ്ക്കാനോ, വേട്ടയാടാനോ, കൃഷി സംരക്ഷണത്തിനോ അല്ലാതെ ഒരാൾ നായവളർത്തിയാൽ, ഓരോ ദിവസവും അയാളുടെപ്രതിഫലത്തിൽനിന്നും ഒരുഖീറാത് (ഒരുമലയുടെ അത്ര) കുറഞ്ഞു കൊണ്ടിരിക്കും.

അബൂഹുറയ്റ (റ)യിൽനിന്നു നിവേദനം, റസൂൽ(സ) പറഞ്ഞു: നിങ്ങളുടെപാത്രത്തിൽ നായതലയിട്ടാൽ ഏഴുപ്രാവശ്യം കഴുകണം . ഒരുപ്രാവശ്യം മണ്ണുചേർത്തുകൊണ്ട് കഴുകണം.

<u>സംഗ്രഹം:</u>

1-കൃഷി, കന്നുകാലി സംരക്ഷണം, വേട്ട എന്നീ ആവശ്യങ്ങൾക്കല്ലാതെ നായവളർത്തൽ അനുവദനീയമല്ല.
2-കഴിയുന്നതും നായയുടെ സാന്നിദ്ധ്യം ഒഴിവാക്കണം.
3-നായ തലയിട്ടപാത്രം ഏഴുപ്രാവശ്യം കഴുകണം. ഒന്ന് മണ്ണ് ഉപയോഗിച്ച് ആകണം.

## 25-ദൈവസ്മരണ

അല്ലാഹു പറയുന്നു: നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയുംചെയ്യുക. നിങ്ങൾ വിജയംപ്രാപിച്ചേക്കാം.(ജുമുഅ:-10)
സത്യവിശ്വാസികളേ, നിങ്ങൾഅല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവീൻ. (അഹ്സാബ്-41)

അബൂമൂസൽഅശ്അരി (റ)യിൽനിന്നു നിവേദനം, നബി (സ) പറഞ്ഞു: തൻെറനാഥനെ സ്മരിക്കുന്നവനും, സ്മരിക്കാത്തവനും, ജീവനുള്ളവനും മരിച്ചവനും പോലെയാകുന്നു.

